# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 20 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലയിൽ രണ്ടു പേർക്ക് കൂടി കോവിഡ്; നിരീക്ഷണത്തിൽ 7746 പേർ

ജില്ലയിൽ രണ്ടു പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. മെയ് 13 ന് മുംബൈയിൽ നിന്നെത്തിയ ചാവക്കാട് സ്വദേശിയായ 61 കാരനാണ് രോഗം സ്ഥിരീകരിക്കപ്പെട്ട ഒരാൾ. ഇപ്പോൾ തൃശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. അബുദാബിയിൽ നിന്ന് എത്തിയ 47 വയസ്സുള്ള ചൂണ്ടൽ സ്വദേശിക്കും രോഗം സ്ഥിരീകരിച്ചു. കൊച്ചി വിമാനത്താവളത്തിലെ പരിശോധനയിൽ രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് അവിടെ നിന്നു തന്നെ അദ്ദേഹത്തെ എറണാകുളത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അതേ സമയം അബുദാബിയിൽ നിന്നുള്ള ആദ്യവിമാനത്തിൽ തിരിച്ചെത്തിയ ശേഷം രോഗം സ്ഥിരീകരിച്ച പുന്നയൂർക്കുളം സ്വദേശികളായ രണ്ടു പേർ രോഗമുക്തരായി.

വീടുകളിൽ 7714 പേരും ആശുപത്രികളിൽ 32 പേരും ഉൾപ്പെടെ ആകെ 7746 പേരാണ് നിരീക്ഷണത്തിലുള്ളത്. വ്യാഴാഴ്ച (മെയ് 21) നിരീക്ഷണത്തിന്റെ ഭാഗമായി അഞ്ച് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആറ് പേരെ ഡിസ്ചാർജ്ജ് ചെയ്തു.

വ്യാഴാഴ്ച (മെയ് 21) അയച്ച 59 സാമ്പിളുകൾ ഉൾപ്പെടെ ഇതു വരെ 1637 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1578 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 59 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. വിവിധ മേഖലയിലുള്ള 351 ആളുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു.

308 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. വ്യാഴാഴ്ച (മെയ് 21) 97 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1272 പേരെയും മത്സ്യചന്തയിൽ 1037 പേരെയും ബസ് സ്റ്റാന്റിലെ പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 116 പേരെയും സ്ക്രീൻ ചെയ്തു.

നാട്ടിലേക്കു തിരിച്ചെത്തിയ പ്രവാസികൾക്കും ഇതരസംസ്ഥാനങ്ങളിൽ നിന്നുമുള്ള മലയാളികൾക്കും അതിർത്തി പ്രദേശങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ ആരോഗ്യപ്രവർത്തകർ സ്ക്രീനിങ്ങ് നടത്തുന്നു. നിരീക്ഷണത്തിൽ കഴിയുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ബോധവൽക്കരണ കിറ്റും നൽകുന്നുണ്ട്.

രോഗവ്യാപനം തടയുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ സമൂഹവ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സീറോ പ്രിവലെൻസ് സർവെയ്ക്കു തുടക്കം കുറിച്ചു. ജില്ലയിലെ തിരഞ്ഞെടുത്ത 10 പ്രദേശങ്ങളിലെ 40 പേരുടെ വീതം ആകെ 400 പേരുടെ രക്തസാമ്പിളുകൾ ആന്റിബോഡി ടെസ്റ്റിന് അയച്ചു. ഇതുവരെ 200 പേരുടെ സാമ്പിളുകൾ എടുത്തു.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാമ്പൂർ മേഖലയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

## മഴക്കാലമുന്നൊരുക്കവുമായി തദ്ദേശസ്ഥാപനങ്ങൾ; അനധികൃത നിർമ്മിതികൾ നീക്കണമെന്ന് കളക്ടർ

ജില്ലയിൽ വെള്ളക്കെട്ടിന് കാരണമാവുന്ന തരത്തിൽ പാടശേഖരങ്ങളിലുള്ള അനധികൃത നിർമ്മിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇടപെട്ട് നീക്കണമെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് ആവശ്യപ്പെട്ടു. കാലവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായി നടന്ന വിവിധ അവലോകന യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗവും തദ്ദേശസ്ഥാപനമേധാവികളുടെ വീഡിയോ കോൺഫറൻസ് മുഖേനയുള്ള യോഗവും മഴക്കാലമുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് രൂപം നൽകി. കഴിഞ്ഞ വർഷം വെള്ളക്കെട്ടിന് കാരണമായ പാടശേഖരം കെട്ടിയടച്ചുള്ള മീൻവളർത്തൽ അനുവദനീയമല്ല. വല കെട്ടി മീൻവളർത്തുന്നതിന് പകരം കെട്ടിയടച്ചാൽ അവ പൊളിച്ചുകളയണം. ജില്ലയിലെ ചെറുകിട ഡാമുകളുടെ ഷട്ടറുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണം. ഷട്ടറുകൾ പ്രവർത്തിക്കുന്നു എന്ന് പരിശോധിച്ച് സർട്ടിഫിക്കേഷൻ നൽകാൻ കളക്ടർ നിർദേശിച്ചു. വെള്ളക്കെട്ട് നീക്കാൻ അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കും. ജില്ലയിൽ വെള്ളം ഒഴിഞ്ഞുപോവുന്നതിനുള്ള തടസ്സം കഴിഞ്ഞ വർഷം ഉണ്ടായിരുന്നു. ബണ്ടുകൾ തുറക്കുന്നതിലെ കാലതാമസം പരിഹരിക്കും.

ജില്ലയിലെ വലിയ ഡാമുകൾ തുറക്കുന്നത് ജില്ലാ കളക്ടറുടെ അനുമതിയോടെ മാത്രമായിരിക്കും. ഒരു കാരണവശാലും വൈകിട്ട് ആറ് മണിക്ക് ശേഷം രാവിലെ ആറ് മണി വരെ, പകൽ തുറക്കാതെ ഇരുന്ന അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്ന് പുതുതായി ജലം ഒഴുക്കരുത്. അണക്കെട്ട് തുറക്കുന്നതിന് മുമ്പ് പൊതുജനങ്ങൾക്ക് സൈറൺ മുഴക്കി മുന്നറിയിപ്പ് നൽകണം.

കോവിഡ് മാർഗനിർദേശങ്ങൾ പാലിച്ചായിരിക്കും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുക. സാമൂഹിക അകലം പാലിച്ച് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിപ്പിക്കുന്നതും രക്ഷാപ്രവർത്തനവും ശ്രമകരമാണ്. ഇത്തവണ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ താഴേതട്ടിലെ ഏകോപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

അപകടാവസ്ഥയിലുള്ള വൈദ്യുതി തൂണുകൾ, കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കണം. കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നൽകണം. ഇവയുടെ താഴെ രാത്രി ആരും കിടക്കുന്നില്ലെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം. അഗ്നിശമന സുരക്ഷാ മനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾ പരിശോധിക്കണം.

ജില്ലയിലെ 77 സ്ഥലങ്ങൾ ഉരുൾപൊട്ടലിന്റെ ഹോട്ട് സ്പോട്ടുകളായി സമഗ്ര പഠനം കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ താഴെയുള്ള കുടുംബങ്ങളുടെ സുരക്ഷ സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളും ജിയോളജി വകുപ്പും നടപടി എടുക്കണം. ആവശ്യമെങ്കിൽ മാറ്റിപ്പാർപ്പിക്കണം. ക്വാറികൾ വേലി കെട്ടി മറയ്ക്കണം.

വകുപ്പുകളുടെയും തദ്ദേശ സ്വയംഭര സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചുമാറ്റാൻ നിർദേശം നൽകി.

പാതയോരത്തെ കുഴികൾ നികത്തണം. റോഡിലെ പൈപ്പിടൽ സംബന്ധിച്ച് ജല അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും കളക്ടറുടെ സാന്നിധ്യത്തിൽ യോഗം ചേരും.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തദ്ദേശ സ്ഥാപന പ്രതിനിധികൾ വീഡിയോ കോൺഫറൻസ് വഴിയാണ് പങ്കാളികളായത്. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, സബ് കളക്ടർ അഫ്സാന പർവീൻ, ഡെപ്യൂട്ടി കളക്ടർ ഡിസാസ്റ്റർ മാനേജ്മെൻറ് ഡോ.എം.സി റെജിൽ, ജില്ലാ തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാലവർഷം: കോവിഡ് രോഗികൾക്ക് പ്രത്യേക ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കും

കാലവർഷക്കാലത്ത് ദുരിതാശ്വാസ ക്യാമ്പിലെത്തുന്നവരിൽ കോവിഡ് 19 രോഗലക്ഷണങ്ങൾ ഉള്ളവരെ മാറ്റി താമസിപ്പിക്കാനായി മുറിയോട് ചേർന്ന് ടോയ്‌ലറ്റ് സംവിധാനം ഉള്ള കെട്ടിടങ്ങൾ കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നിർദേശം നൽകി. ഇതുൾപ്പെടെ ചുരുങ്ങിയത് നാല് എന്ന കണക്കിൽ അടിയന്തിരഘട്ടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കാൻ ആവശ്യമായ കെട്ടിടങ്ങൾ ഓരോ തദ്ദേശ സ്ഥാപനവും കണ്ടെത്തി നൽകണം.

കൂടാതെ, കോവിഡ് ഹോം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കാനായി മുറിയോട് ചേർന്ന് ടോയ്‌ലറ്റ് സംവിധാനങ്ങൾ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തണം. ഹോം ക്വാറന്റൈൻ സമയം കഴിയുന്ന മുറയ്ക്ക് ഇവരെ ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ പൊതുക്യാമ്പുകളിൽ താമസിപ്പിക്കും. പൊതുവായ ദുരിതാശ്വാസ ക്യാമ്പുകൾ നടത്താനായുള്ള കെട്ടിടത്തിന് പുറമെ 60 വയസ്സിന് മുകളിലുള്ളവരെ പ്രത്യേകം പാർപ്പിക്കാനായി മറ്റൊരു കെട്ടിടം കൂടി സജ്ജമാക്കും.

കോവിഡ് രോഗികളുടെയും ഹോം ക്വാറന്റൈനിൽ കഴിയുന്നവരുടെയും ക്യാമ്പുകൾ പ്രത്യേക ക്യാമ്പസിൽ ആവുന്നതാണ് ഉചിതമെന്ന് നിർദേശിക്കുന്നു. മറ്റ് രണ്ട് ക്യാമ്പുകൾ ഒരു ക്യാമ്പസിലുമാവാം. ഹോം ക്വാറന്റൈനിൽ കഴിയുന്നവരെ തദ്ദേശ സ്ഥാപനങ്ങൾ മുൻകൂട്ടി കണ്ടെത്തി വെക്കണം. കോവിഡ് രോഗികൾക്കും ക്വാറന്റൈനിൽ ഉള്ളവർക്കുമായി ആരോഗ്യ വകുപ്പ് പ്രത്യേക നടപടിക്രമം പുറത്തിറക്കും. ഹോം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളുടെ രക്ഷാപ്രവർത്തനത്തിന് ആരോഗ്യപ്രവർത്തകർ കൂടി ഉൾപ്പെട്ട സംഘത്തെ മാത്രമേ നിയോഗിക്കാവൂ. ഇവരെ രക്ഷിക്കാൻ പോവുന്നവർ നിർബന്ധമായും വ്യക്തിഗത സുരക്ഷാ സംവിധാനം ഉറപ്പാക്കണം.

ക്യാമ്പുകളിൽ നിർബന്ധമായി എല്ലാവരും എപ്പോഴും മാസ്ക് ധരിക്കണം. അംഗങ്ങൾ സന്ദർശകരെ ഒഴിവാക്കണം. ശാരീരിക അകലം പാലിക്കണം. ക്യാമ്പിൽ കൈകഴുകുന്നതിനുള്ള സംവിധാനം, വസ്ത്രങ്ങൾ അണുവിമുക്തമാക്കാനും കഴുകുന്നതിനും സൗകര്യം എന്നിവ വേണം. പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ദിവസേന ക്യാമ്പിലുള്ള എല്ലാവരേയും നിരീക്ഷിച്ച് കോവിഡ് ലക്ഷണങ്ങൾ ഉള്ളവരുണ്ടെങ്കിൽ പി.എച്ച്.സി ഡോക്ടർക്ക് റിപ്പോർട്ട് ചെയ്യണം. ഇവരെ രോഗലക്ഷണം ഉള്ളവർക്കായുള്ള കെട്ടിടത്തിലേക്ക് മാറ്റും. പരിശോധനാഫലം പോസിറ്റീവായാൽ കോവിഡ് ട്രീറ്റ്മെന്റ് സെന്ററിലേക്ക് മാറ്റും. ഇതുസംബന്ധിച്ച് സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യ പ്രവർത്തകർക്കും ഉൾപ്പെടെ വിദശമായ മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ശുചിത്വ-മാലിന്യ പരിപാലനത്തിനും ഭക്ഷണ ക്രമീകരണത്തിനും മാർഗനിർദേശങ്ങൾ നൽകി.

കോവിഡിന്റെ സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിലെ തിക്കും തിരക്കും ഒഴിവാക്കാനായി 2018, 2019 പ്രളയ മേഖലയിലെ താമസക്കാർ, പ്രത്യേകിച്ച് കുട്ടികൾ, ഗർഭിണികൾ, മുതിർന്നവർ, ദീർഘകാല രോഗബാധിതർ ബന്ധുക്കളുടെയോ സുഹൃത്തുകളുടെയോ സുരക്ഷിതമായ സ്ഥലങ്ങളിലെ വീടുകളിലേക്ക് മാറി താമസിക്കുന്നത് പ്രോത്സാഹിപ്പിക്കും.

# പാസ് വേണ്ട മാസ്ക് വേണം

കണ്ടെയ്ൻമെന്റ് മേഖലകൾ ഒഴികെ മറ്റ് സ്ഥലങ്ങളിൽ രാവിലെ ഏഴു മുതൽ രാത്രി ഏഴു വരെ ജില്ലവിട്ട് യാത്രചെയ്യുന്നതിന് പാസ് വേണ്ട. യാത്ര ചെയ്യുന്നവർ തിരിച്ചറിയൽ കാർഡ് കരുതിയാൽ മതിയാകും. അത്യാവശ്യ കാര്യങ്ങൾക്ക് രാത്രി ഏഴിനും രാവിലെ ഏഴിനും ഇടയിൽ മറ്റ് ജില്ലകളിലേയ്ക്ക് യാത്ര ചെയ്യുന്നവർ നിർബന്ധമായും പോലീസ് പാസ് വാങ്ങേണ്ടതാണ്. എന്നാൽ അവശ്യസർവ്വീസായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മേഖലകളുമായി ബന്ധപ്പെട്ട് രാത്രി ഏഴിനുശേഷം യാത്രചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡ് മാത്രം മതിയാകും. ഇതു കൂടാതെ ഹോട്ടലിൽ നിന്നും മറ്റും രാത്രി പത്തുമണി വരെ ഭക്ഷണം പാഴ്സലായി വാങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ പൊതുജനങ്ങൾ മാസ്ക് ധരിക്കുന്നത് ഉറപ്പാക്കാനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പോലീസിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന് രൂപം നൽകും. ഗ്രാമീണമേഖലയിൽ മാസ്ക് ധരിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതോടൊപ്പം

പോലീസിന്റെ 'ബാസ്ക് ഇൻ ദ മാസ്ക്' എന്ന ക്യാംപെയിനിന്റെ ഭാഗമായി മാസ്ക് സൗജന്യമായി വിതരണം ചെയ്യും.

ലോക്ഡൗൺ നീട്ടിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടെയ്ൻമെന്റ് മേഖലയിൽ പോലീസ് നിരീക്ഷണവും നിയന്ത്രണവും ശക്തിപ്പെടുത്തി. ചെക് പോസ്റ്റ്, വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, തുറമുഖം എന്നിവിടങ്ങളിലും പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇതോടെ വീട്ടിൽ ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കാനുള്ള പോലീസ് സംവിധാനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പോലീസിന്റെ പ്രവർത്തനക്രമത്തിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടിയിലുള്ളവരുടെ എണ്ണം പകുതിയാക്കി കുറച്ചുകൊണ്ടുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നിലവിൽ വന്നു. ഇതുമൂലം പോലീസിന്റെ പ്രവർത്തനത്തിൽ വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകില്ല. ഇന്ത്യയിൽ ആദ്യമായി തയ്യാറാക്കിയ പോലീസിന്റെ ഈ പ്രവർത്തനക്രമം അന്താരാഷ്ട്ര തലത്തിൽ പ്രശംസ നേടിയിട്ടുണ്ട്.

# കോവിഡ് കാലത്തെ ആരോഗ്യ വിചാരം : ജില്ലയിൽ ഓൺലൈൻ പരിശീലനം വരുന്നു

കോവിഡ് കാലത്തെ ആരോഗ്യ പരിചരണത്തിന് ഓൺലൈൻ പരിശീലന മാതൃകയുമായി ഭാരതീയ ചികിത്സാ വകുപ്പ്. ആയുഷ് മിഠായി എന്ന് പേരിട്ടിരിക്കുന്ന വാട്ട്സ്ആപ്പ് ഓൺലൈൻ പരിശീലനത്തിന്റെ ആദ്യഘട്ടത്തിലെ ക്ലാസുകൾ തിങ്കളാഴ്ച(മെയ് 25) മുതൽ ആരംഭിക്കും. ജീവിതശൈലി രോഗങ്ങൾക്കായി

നാഷ്ണൽ ആയുഷ് മിഷന്റെ സഹകരണത്തോടെയാണ് പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. ജില്ലാ ആയുർവേദ ആശുപത്രിയിലെ മാനസികാരോഗ്യ വിഭാഗത്തിന്റെയും നേത്ര വിഭാഗത്തിന്റെയും സഹായതോടെയാണ് ഓൺലൈൻ ക്ലാസുകൾ നടക്കുക. ജീവിതശൈലി ക്രമീകരണത്തിലൂടെ പ്രമേഹത്തെ എങ്ങനെ നിയന്ത്രിക്കാം എന്നതിലാണ് പരിശീലനം. ഇതിനായി പാലിക്കേണ്ട ഭക്ഷണ ക്രമങ്ങൾ, ശാരീരികവും മാനസികവുമായ ഉന്മേഷത്തിനായി ജീവിത രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ, വീട്ടിൽ ചെയ്യാൻ കഴിയുന്ന യോഗ എന്നിവയിലാണ് ഓൺലൈൻ പരിശീലനം. ആദ്യഘട്ടത്തിൽ 25 പേരടങ്ങുന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെയാണ് പരിശീലനം നൽകുക. ഓഡിയോ, വീഡിയോ, യു ട്യൂബ് തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനായി സ്വീകരിക്കുന്നു. 25 പേരടങ്ങുന്ന ഓരോ ബാച്ചിനും ഒരാഴ്ച നീണ്ടുനിക്കുന്ന പരിശീലനം നൽകും. വർക്ക് ഡയറിയിൽ ഓരോ ദിവസവും പരിശീലനത്തിന്റെ ഭാഗമായി ചെയ്യുന്ന കാര്യങ്ങൾ രേഖപ്പെടുത്തണം . പ്രമേഹത്തിനായി അലോപ്പതി, ഹോമിയോ മരുന്നുകൾ കഴിക്കുന്നവർക്കും നിലവിൽ മരുന്ന് മുടക്കാതെ തന്നെയുള്ള പരിശീലനമാണ് നൽകുക.

ആയുഷ് മിഠായി പരിശീലനം ആവശ്യമുള്ളവർ 9188526392 എന്ന നമ്പറിൽ ബന്ധപ്പെടണം. പിന്നീട് വ്യക്തിഗത വിവരങ്ങൾ അടങ്ങിയ ഗൂഗിൾ ഫോറം പൂരിപ്പിച്ച് ഗ്രൂപ്പിൽ അംഗമാകാം. 50 പേർ ഇതിനോടകം തന്നെ പരിശീലനത്തിനായി രജിസ്ട്രർ ചെയ്തിട്ടുണ്ടെന്ന് ജില്ലാ ആയുർവേദ ആശുപത്രി നേത്രരോഗ വിഭാഗം സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ ഡോ. പി കെ നേത്രദാസ് പറഞ്ഞു.

# ക്വാറന്റൈനിൽ കഴിയുന്നവർക്ക് സ്വാദിഷ്ട ഭക്ഷണവുമായി കുടുംബശ്രീ കൂട്ടായ്മ

കോവിഡ് വ്യാപനം തടയുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും എത്തി ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് സ്വാദിഷ്ടമായ ഭക്ഷണവുമായി കുടുംബശ്രീ യൂണിറ്റുകൾ. ജില്ലാ ഭരണകൂടത്തിന്റെ നിർദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണം ഒരുക്കിയിരിക്കുന്നത്. പ്രവാസികൾ, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ, ആരോഗ്യപ്രവർത്തകർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പോലീസ് സേന അംഗങ്ങൾ എന്നിവർക്ക് ഭക്ഷണം നൽകുന്നുണ്ട്. ജില്ലയിലെ ഏഴ് താലൂക്കുകളിലായി പ്രവർത്തിക്കുന്ന ആർ എൻ ആർ ഐ സെന്ററുകളിലായി ഏകദേശം 950 ഭക്ഷണ പൊതികളും, എൻ ആർ കെ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങളെ താമസിപ്പിച്ചിരിക്കുന്ന 66

സെന്ററുകളിലേക്കായി ഏകദേശം 900 ഭക്ഷണ പൊതികളുമാണ് പ്രതിദിനം മൂന്നുനേരവും നൽകി വരുന്നത്. 30 ഓളം കുടുംബശ്രീ യൂണിറ്റുകളാണ് മാസ്ക്, ഗ്ലൗസ്, എന്നിവ ധരിച്ച് സാമൂഹിക അകലം പാലിച്ച് ഭക്ഷണം തയ്യാറാക്കുന്നത്. റമദാൻ കാലമായതിനാൽ ആവശ്യാനുസരണം വിവിധ സെന്ററുകളിൽ നോമ്പുതുറ വിഭവങ്ങൾ കൂടി നൽകി വരുന്നു.

## ത്ധാർഖണ്ഡിലേക്കുള്ള അതിഥി തൊഴിലാളികൾ വ്യാഴാഴ്ച (മെയ് 21) യാത്ര തിരിക്കും

ജില്ലയിൽ നിന്ന് ത്ധാർഖണ്ഡിലേക്ക് 850 അതിഥി തൊഴിലാളികളുമായുള്ള പ്രത്യേക ട്രെയിൻ വ്യാഴാഴ്ച (മെയ് 21) യാത്ര തിരിക്കും. ജാർഖണ്ഡ് സ്വദേശികളാണ് വ്യാഴാഴ്ച (മെയ് 21) യാത്ര തിരിക്കുന്നത്. വൈകിട്ട് 4 മണിക്ക് തൃശൂർ റയിൽവേ സ്റ്റേഷനിൽ നിന്നാണ് ട്രെയിൻ പുറപ്പെടുന്നത്. തൃശൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള 850 പേർക്കും പാലക്കാട് റയിൽവേ സ്റ്റേഷനിൽ നിന്നുള്ള 612 അതിഥി തൊഴിലാളികൾക്കുമായാണ് പ്രത്യേക ട്രെയിൻ ഓടുന്നത്. 830 രൂപ ടിക്കറ്റ് നിരക്ക് തൊഴിലാളികൾ തന്നെയാണ് വഹിക്കുന്നത്. മെയ് 23ന് ഷൊർണൂരിൽ നിന്ന് ത്ധാർഖണ്ഡിലേയ്ക്കും എറണാകുളത്തു നിന്ന് ഉത്തരാഖണ്ഡിലേയ്ക്കും പ്രത്യേക ട്രെയിൻ അതിഥി തൊഴിലാളികൾക്കായി ഒരുക്കാനാണ് ഉദ്ദേശിക്കുന്നുതെന്ന് ജില്ലാ ലേബർ ഓഫീസർ രതീഷ് അറിയിച്ചു.

## ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിതരണം ചെയ്തു

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കുള്ള സ്കൂട്ടർ വിതരണത്തിന്റെ ഉദ്ഘാടനം മുള്ളൂർക്കരയിൽ നടന്നു. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 290246 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 125419 രൂപയും കൂടി 415665 രൂപയുടെ സ്കൂട്ടറുകളാണ് വിതരണം ചെയ്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എച്ച് അബ്ദുൾ സലാം ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി രാധകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ഭിന്നശേഷിക്കാർക്കുള്ള സ്കൂട്ടർ വിതരണത്തിന്റെ ഉദ്ഘാടനം മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എച്ച് അബ്ദുൾ സലാം നിർവഹിക്കുന്നു***

## ഡോക്ടറെ പിരിച്ചു വിട്ട സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവ്

കോവിഡ് 19 ലക്ഷണങ്ങളുമായി ചികിത്സക്കെത്തിയ വ്യക്തിയുടെ വിശദാംശങ്ങൾ പോലീസിന് കൈമാറിയ ഡോക്ടറെ സ്വകാര്യാശുപത്രി പിരിച്ചുവിട്ട സംഭവത്തിൽ അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. തൃശൂർ ജില്ലാ കളക്ടറും ജില്ലാ മെഡിക്കൽ ഓഫീസറും നാലാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ആവശ്യപ്പെട്ടു.

ഡോ. ഷിനു ശ്യാമളനെ പിരിച്ചുവിട്ടതിനെതിരെ പൊതു പ്രവർത്തകനായ നൗഷാദ് തെക്കയിൽ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. പോലീസിനും ജില്ലാ മെഡിക്കൽ ഓഫീസർക്കും ഡോക്ടർ വിവരം കൈമാറിയെങ്കിലും രോഗ ബാധിതനാണെന്ന് സംശയിക്കുന്നയാളെ അധികൃതർ കണ്ടെത്തുന്നതിന് മുമ്പ് അയാൾ വിദേശത്തേക്ക് കടന്നതായി പരാതിയിൽ പറയുന്നു.

## 99 ശതമാനം മഞ്ഞ, പിങ്ക് കാർഡുടമകൾ സൗജന്യ ഭക്ഷ്യക്കിറ്റ് കൈപ്പറ്റി

കോവിഡ് 19ന്റെയും ലോക്ക് ഡൗണിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ജില്ലയിൽ പൂർണമാകുന്നു. 99.28 ശതമാനം മഞ്ഞ കാർഡുടമകളും 99.24 ശതമാനം പിങ്ക് കാർഡുടമകളും ഇതിനകം കിറ്റ് കൈപ്പറ്റിയിട്ടുണ്ട്. 95.18 ശതമാനം വരുന്ന 258133 നീല കാർഡുടമകളും 85.15 ശതമാനം വരുന്ന 196959 വെള്ള കാർഡുടമകളും കിറ്റ് കൈപ്പറ്റി. പിഎംജികെഎവൈ പദ്ധതി പ്രകാരം മഞ്ഞ , പിങ്ക്

കാർഡുടമകൾക്ക് ആരംഭിച്ച ചെറുപയർ വിതരണത്തിൽ 402776 എ എ വൈ കാർഡുടമകളും 215981 പിങ്ക് കാർഡുടമകളും  വിഹിതം കൈപ്പറ്റിയതായി ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് അറിയിച്ചു.

## ആരോഗ്യ സ്ഥാപനങ്ങളിൽ താൽക്കാലിക ഒഴിവ്

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നു. ജെ പി എച്ച് എൻ, ഡയാലിസിസ് ടെക്നിഷ്യൻ, സി എസ്സ് എസ്സ് ഡി ടെക്നീഷ്യൻ എന്നീ തസ്തികകളിലേക്കാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. ജെ പി എച്ച് എൻ ഒഴിവിലേക്കുള്ള യോഗ്യത സർക്കാർ അംഗീകൃത സ്ഥാപങ്ങളിൽ നിന്നുള്ള ജെപി എച്ച് എൻ കോഴ്സ് ബിരുദമാണ്, കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷനും വേണം. ഡയാലിസിസ് ടെക്നിഷ്യൻ പോസ്റ്റിലേക്ക് ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നിഷ്യൻ കോഴ്സ് പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാം. ഡിപ്ലോമ ഇൻ ഓട്ടോ ക്ലേവ് ടെക്നിഷ്യൻ കോഴ്സ് പാസായവർക്ക് സി എസ്സ് എസ്സ് ഡി ടെക്നിഷ്യൻ പോസ്റ്റിലേക്ക് അപേക്ഷിക്കാം. മൂന്ന് വിഭാഗത്തിലേക്കും അപേക്ഷിക്കുന്നവർക്ക് പ്രായപരിധി മെയ് ഒന്നിന് 55 വയസ്സ് കവിയരുത്. ദിവസ ശമ്പളം 450 രൂപയായിരിക്കും.

മേൽ തസ്തികകളുടെ നിയമന കാലാവധി 2020 ജൂൺ 30 വരെയാണ്. തസ്തികകളുടെ ഒഴിവ് അനുസരിച്ച് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്. ഉദ്യോഗാർഥികൾ അപേക്ഷ, ജനന തിയതി, രജിസ്ട്രേഷൻ, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷയോടൊപ്പം arogyakeralamthrissur@gmail.com എന്ന ഇമെയിലിലോ നേരിട്ടോ ഓഫീസിൽ മെയ് 23 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ  അറിയിച്ചു.

## മകളുടെ 34 ാം ചരമവാർഷിക ദിനത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭവന നൽകി മാതാപിതാക്കൾ

മകളുടെ 34ാം ചരമ വാർഷിക ദിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകി അച്ഛനും അമ്മയും. കൂർക്കഞ്ചേരിയിലെ ശാന്തകുമാരിയും രാധാകൃഷ്ണനുമാണ് മകൾ ജയന്തിയുടെ 34ാം ചരമവാർഷിക ദിനത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് പണം കൈമാറിയത്. 25000 രൂപയാണ് മകളുടെ ഓർമയ്ക്കായി കളക്ട്രേറ്റിലെത്തി കൈമാറിയത്.

## കുന്നംകുളം മേഖലയിൽ സ്വകാര്യ ബസുകൾ ഓടിത്തുടങ്ങി; ഇന്ന് കൂടുതൽ സർവ്വീസുകൾ ഉണ്ടായേക്കും

ലോക് ഡൗൺ ആരംഭിച്ചപ്പോൾ നിർത്തിവച്ച സ്വകാര്യബസ് സർവ്വീസ് കുന്നംകുളത്ത് ഇന്നലെ (മെയ് 20) ഭാഗികമായി ആരംഭിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുതിയ നിർദ്ദേശ പ്രകാരമായിരുന്നു സർവ്വീസ് പുനരാരംഭിച്ചത്. മേഖലയിലെ പ്രൈവറ്റ് ബസ് ഗ്രൂപ്പുകളായ ആര്യ, പുഷ്പക്, ഗുരുവായൂർ-പട്ടാമ്പി റൂട്ടിലെ ഒരു ബസ്, തൃശൂർ റൂട്ടിലോടുന്ന ഒരു ബസ് എന്നിങ്ങനെയാണ് സർവ്വീസ് നടത്തിയത്. ആര്യ ഏഴ് ബസും പുഷ്പക് രണ്ട് ബസുമാണ് ഇന്നലെ സർവ്വീസ് നടത്തിയത്. ഇന്ന് (വ്യാഴം) കൂടുതൽ ബസുകൾ സർവീസ് നടത്തുമെന്നാണ് കരുതുന്നത്.

രാവിലെ ബസുകൾ സ്റ്റാൻഡിലെത്തിയപ്പോൾ ആളുകൾ ആദ്യമൊന്ന് അമ്പരന്നു. പിന്നീട് സർവ്വീസ് നടത്തുന്നു എന്നറിഞ്ഞപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ വാർത്ത പരക്കുകയും ചെയ്തു. തുടർന്ന് യാത്രക്കാർ ബസിൽ കയറി തുടങ്ങി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എല്ലാ മാനദണ്ഡങ്ങളും നിയമങ്ങളും പാലിച്ചാണ് സർവ്വീസ് ആരംഭിച്ചിരിക്കുന്നതെന്ന് പുഷ്പക് ബസ് ഗ്രൂപ്പ് ഉടമ ഹരിദാസ് പറഞ്ഞു. 38 സീറ്റുകളുള്ള ബസിൽ 19 പേരെ മാത്രമാണ് കയറ്റിയത്. ഒരു സീറ്റിൽ ഒരാൾ എന്ന കണക്കിലാണ് യാത്രക്കാരെ ഇരുത്തുന്നത്. കൂടാതെ മാസ്ക്കും നിർബന്ധമാക്കിയിട്ടുണ്ട്.

ആര്യ ഗ്രൂപ്പിന്റെ ബസുകൾ തൃശ്ശൂർ കുന്നംകുളം, ചാവക്കാട് റൂട്ടിലും, പുഷ്പക് പഴഞ്ഞി, ചിറക്കൽ മങ്ങാട് എന്നിവിടങ്ങളിലുമാണ് സർവ്വീസ് നടത്തിയത്. യാത്രക്കാർ അധികം കയറിയില്ലെങ്കിലും വരും ദിവസങ്ങളിൽ കൂടുതൽ യാത്രക്കാർ ഉണ്ടാകുമെന്നാണ് ബസുടമകളുടെ പ്രതീക്ഷ.

കെ എസ് ആർ ടി സി ഗുരുവായൂർ- കുന്നംകുളം - തൃശൂർ ബസും മെഡിക്കൽ കോളേജ് ബസും ഇന്നലെ സർവ്വീസ് നടത്തി.

കോവിഡ് 19 വ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പും മോട്ടോർ വാഹന വകുപ്പും നിർദ്ദേശിച്ച സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് സർവ്വീസ് നടത്തിയത്. ബസിൽ യാത്ര ചെയ്യുന്നവരും ബസ് ജീവനക്കാരും മാസ്ക്കുകൾ ധരിക്കുക, സാമൂഹ്യ അകലം പാലിക്കുക, ഒരു സീറ്റിൽ ഒരാൾ എന്ന രീതിയിലും ക്രമീകരിക്കുക എന്നിങ്ങനെയായിരുന്നു മാർഗ നിർദ്ദേശങ്ങൾ. യാത്രക്കാർ കൈകൾ ശുചിയാണെന്ന് ഉറപ്പു വരുത്തണമെന്നും ഹാന്റ് സാനിറ്റൈസർ കൈവശം സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. വാഹനത്തിന്റെ ഷട്ടറുകൾ തുറന്ന് ഇടണമെന്നും, എ.സിയും കർട്ടനുകളും ഉപയോഗിക്കാൻ പാടില്ലെന്നും നിർദ്ദേശങ്ങളിൽ പറയുന്നുണ്ട്. പനി, ചുമ, ഛർദ്ദി, തുമ്മൽ തുടങ്ങി മറ്റേതെങ്കിലും രോഗലക്ഷണമുള്ളവർ യാതൊരുകാരണവശാലും ബസുകളിൽ യാത്ര ചെയ്യരുതെന്നും മോട്ടോർ വാഹന വകുപ്പ് അറിയിച്ചു. സ്വകാര്യ ബസുകൾക്ക് പുറമെ ഓട്ടോ/ടാക്സി വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരും ഡ്രൈവർമാരും സാമൂഹ്യ അകലം പാലിക്കുന്നതുൾപ്പെടെയുള്ള സുരക്ഷാദണ്ഡങ്ങൾ പാലിക്കണമെന്നും അറിയിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ബുധനാഴ്ച (മെയ് 20) ലഭിച്ചത് 2,92,000 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും ബുധനാഴ്ച (മെയ് 20) ലഭിച്ചത് 2,92,000 രൂപ. ചെക്ക്/ഡിഡി ഇനത്തിൽ 2,67,000 രൂപയും പണമായി 25,000 രൂപയും ലഭിച്ചു. ഇതോടെ ജില്ലയിൽ നിന്നും 2020 ഏപ്രിൽ മുതൽ മെയ് 20 വരെ സിഎംഡിആർഎഫിലേക്ക് ലഭിച്ച മൊത്തം തുക 4,01,14,066 രൂപയായി. ചെക്ക്/ഡിഡി നൽകിയവർ: ഡോ. ശ്രീരഞ്ജിനി, മണ്ണുത്തി-50,000, കേരള കാർഷിക സർവകലാശാലയിലെ താൽക്കാലിക ഡ്രൈവർമാർ-17,000, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്-2,00,000. പണം നൽകിയവർ: ശാന്താകുമാരി & രാധാകൃഷ്ണൻ, കൂർക്കഞ്ചേരി-25,000.

## പാഠം ഒന്ന്: മനുഷ്യത്വം

രക്താർബുദത്തെ അതിജീവിച്ച, ഒന്നാം ക്ലാസ്സിൽ ചേരാൻ തയ്യാറെടുക്കുന്ന കയ്പമംഗലത്തെ നിംഷാന അർബുദത്തെ പൊരുതി തോൽപിച്ച ഇന്നസെന്റിന് 5000 രൂപയുടെ ചെക്ക് എൽപിക്കുമ്പോൾ പുതിയൊരു മാതൃക പിറവിയെടുക്കുകയായി. ഇന്നസെന്റിന്റെ ഭാഷയിൽ 'അയ്യായിരം കോടി രൂപയുടെ മൂല്യമുള്ള' ആ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ളതാണ്. രണ്ട് വർഷം മുൻപ് ഇന്നസെന്റ് നൽകിയ 3.20 ലക്ഷം രൂപ കൂടി ഉപയോഗിച്ച് ചികിത്സ പൂർത്തിയാക്കി ജീവിതത്തിലേക്ക് തിരിച്ചെത്തിയ നിംഷാന പെരുന്നാൾ ആഘോഷിക്കാൻ, പുത്തൻ ഉടുപ്പും കളിപ്പാട്ടങ്ങളും വാങ്ങാൻ പലരായി നൽകിയ തുക കൂട്ടിവച്ചാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയത്.

ഇനി രണ്ടു വർഷം പിറകിലേക്ക്: കയ്പമംഗലം ചളിങ്ങാട് പുതിയവീട്ടിൽ ഷെഫീക്കിന്റെ മകളായ നിംഷാനയുടെ അർബുദ ചികിത്സ മുടങ്ങുമെന്ന ആശങ്കയോടെ അന്നത്തെ എംപി ഇന്നസെന്റിനെ വീട്ടുകാരും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ പി എം അഹമ്മദും സമീപിച്ചു. തിരുവനന്തപുരം ആർസിസിയിലെ ചികിത്സ മുടങ്ങാതിരിക്കാൻ നാട്ടുകാർ ചേർന്ന് പണം സ്വരൂപിക്കുകയാണെന്നും എംപി എന്ന നിലയിൽ സഹായം നൽകണമെന്നുമായിരുന്നു

അഭ്യർത്ഥന. നിർധന കുടുംബാംഗമായ നിംഷാനയ്ക്ക് മൂന്നര വയസ്സുള്ളപ്പോഴാണ് രക്താർബുദം സ്ഥിരീകരിക്കപ്പെട്ടത്. നാട്ടുകാരുടേയും ബന്ധുക്കളുടെയും സഹായത്തോടെയായിരുന്നു ചികിത്സ. ഏഷ്യാനെറ്റ് ചാനലിൽ ഞാൻ കോടീശ്വരൻ എന്ന പരിപാടിയിൽ മത്സരാർത്ഥിയായി ഇന്നസെന്റ് പങ്കെടുക്കുന്ന സമയമായിരുന്നു അത്. മത്സരത്തിൽ ലഭിച്ച സമ്മാനത്തുകയായ 3.20 ലക്ഷം രൂപ പൂർണ്ണമായും നിംഷാനയ്ക്ക്  ഇന്നസെന്റ് കൈമാറി. ആ തുക കൂടി ഉപയോഗിച്ചാണ് ചികിത്സ പൂർത്തിയാക്കിയത്. ഇപ്പോൾ 6 മാസം കൂടുമ്പോൾ പരിശോധനയുണ്ട് നിംഷാനയ്ക്ക്. പക്ഷെ ആരോഗ്യം വീണ്ടെടുത്തതിനെ തുടർന്ന് കയ്പമംഗലം ആർസിയുപി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി പഠിക്കാനൊരുങ്ങുകയാണ് ഈ കൊച്ചുമിടുക്കി. കയ്പമംഗലത്തെ നിംഷാന യുടെ വീട്ടിൽ നടന്ന ചടങ്ങിൽ ഇന്നസെന്റ് ചെക്ക് ഏറ്റുവാങ്ങി.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ചെക്ക് നിംഷാനയുടെ കയ്യിൽ നിന്നും മുൻ എംപി ഇന്നസെന്റ് ഏറ്റുവാങ്ങുന്നു***

***2) ഇന്നസെന്റിന് ഞാൻ കോടീശ്വരൻ എന്ന പരിപാടിയിൽ ലഭിച്ച സമ്മാനത്തുക നിംഷാന യുടെ ചികിത്സയ്ക്കായി കൈമാറുന്നു***

## തുടരും